# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 663** **04/02/2020-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് ലയനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി. തോമസ്<br>,, കെ.സി.ജോസഫ്<br>,, വി.ഡി.സതീശൻ<br>,, സണ്ണി ജോസഫ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്കിൽ ലയിക്കാതെ നിൽക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിന്റെ ഭാഗമാക്കാൻ നിർബന്ധിത ലയനത്തിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആർ.ബി.ഐ.യുടെ അനുമതി തേടിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലാ ബാങ്കിനെ കേരളാബാങ്കിൽ ലയിപ്പിക്കുന്നതിന് ആർ.ബി.ഐ.യുമായി ചർച്ച ചെയ്ത് സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ജില്ലാ ബാങ്കിന്റെ പൊതുയോഗമാണ് ലയനത്തിന് അംഗീകാരം നൽകേണ്ടതെന്ന് ആർ.ബി.ഐ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ ലയനത്തിനെതിരെ മലപ്പുറം ജില്ലാ ബാങ്കിന്റെ പൊതുയോഗം തീരുമാനം എടുത്ത സാഹചര്യത്തിൽ പ്രസ്തുത തീരുമാനത്തിന് വിരുദ്ധമായി ബാങ്കിനെ നിർബന്ധിത ലയന നടപടികൾക്ക് വിധേയമാക്കുന്നത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ; | (ബി) | റിസർവ്വ് ബാങ്ക് മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകൾ ലയന പ്രമേയം പാസാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുവാനാണ് അന്തിമ അനുമതി നൽകിയത്.<br>ലയന നടപടികൾ സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നടത്തുകയുള്ളൂ. മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങൾക്കും സഹകാരികൾക്കും ജീവനക്കാർക്കും സഹകരണ വായ്പാ രംഗത്തെ ഘടനാമാറ്റം മൂലം ഉണ്ടാകുന്ന ഗുണങ്ങൾ നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ് എന്ന് കാണുന്നു. കേരള ബാങ്ക് എന്ന വലിയ സ്ഥാപനം പ്രദാനം ചെയ്യുന്ന ആധുനിക സേവനങ്ങളായ NEFT, RTGS തുടങ്ങിയവയിൽ നിന്നും ഒരു ജില്ലയെ മാത്രം ഒഴിവാക്കി നിർത്തുന്നത് സഹകരണ മേഖലയുടെ പൊതുവായ വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുമെന്നും കാണുന്നു. |

| | | | |
|---|---|---|---|
| (സി) | സഹകരണ പ്രസ്ഥാനങ്ങളുടെ ഉന്നമനത്തിന് വേണ്ടി നടപടി സ്വീകരിക്കേണ്ട സർക്കാർ സഹകരണ സ്ഥാപനങ്ങളെ ഇത്തരത്തിൽ സമ്മർദ്ദത്തിലാക്കുന്നത് ഉചിതമാണോയെന്ന് പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളെ സമ്മർദ്ദത്തിലാക്കുന്ന ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.